15 -ാം കേരള നിയമസഭ

6 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1843 — 31-08-2022 - ൽ മറുപടിയ്ക്ക്

## കോങ്ങാട് മണ്ഡലത്തിൽ സ്പോർട്സ് വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് സ്പോർട്സ് വകുപ്പ് നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | **2021 - 22 സാമ്പത്തിക വർഷം ബജറ്റിൽ ക്രമ നം. 2971 ആയി ഉൾപ്പെട്ട കരിമ്പ പഞ്ചായത്ത് സ്റ്റേഡിയം തദ്ദേശ സ്വയംഭരണ വകുപ്പിലാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പ്രസ്തുത പ്രവൃത്തി കായിക വകുപ്പിലേയ്ക്ക് മാറ്റി ലഭിച്ചതിൻ പ്രകാരം പ്രവൃത്തിയുടെ വിശദമായ ലേഔട്ട്, ഭരണാനുമതിക്കായുള്ള ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**ഇതു കൂടാതെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിലെ കാരക്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ കാരക്കുറിശ്ശി വാർഡ് 9, മുഞ്ഞക്കണ്ണി ശ്മശാനം ഗ്രൗണ്ടിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.** |
| (ബി) | ഓരോ പ്രവൃത്തിയുടെയും പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ബി) | **2021 - 22 സാമ്പത്തിക വർഷം ബജറ്റിൽ ക്രമ നം. 2971 ആയി ഉൾപ്പെട്ട കരിമ്പ പഞ്ചായത്ത് സ്റ്റേഡിയം തദ്ദേശ സ്വയംഭരണ വകുപ്പിലാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പ്രസ്തുത പ്രവൃത്തി കായിക വകുപ്പിലേയ്ക്ക് മാറ്റി ലഭിച്ചതിൻ പ്രകാരം പ്രവൃത്തിയുടെ വിശദമായ ലേഔട്ട്, ഭരണാനുമതിക്കായുള്ള ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**ഇതു കൂടാതെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിലെ കാരക്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ കാരക്കുറിശ്ശി വാർഡ് 9, മുഞ്ഞക്കണ്ണി ശ്മശാനം ഗ്രൗണ്ടിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ